**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1469** **03-02-2026 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ് പാസാകണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യത ബാധകമാക്കുന്നത് സംബന്ധിച്ച് നേരത്തേതന്നെ സർക്കാർ ഉത്തരവുകളും സർക്കുലർ നിർദ്ദേശങ്ങളും നിലവിലുണ്ടെങ്കിലും, ബഹു. സുപ്രീം കോടതിയുടെ 01.09.2025 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, G.O.(Ms) No.5/2026/G.Edn തീയതി: 13-01-2026 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ബി) | കെ-ടെറ്റ് പാസ്സാകണമെന്ന സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കെ-ടെറ്റ് പാസാകണമെന്ന ബഹു. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | അദ്ധ്യാപകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ വിധിക്ക് അനുസൃതമായി അധ്യാപകരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് സർക്കാർ ബഹു. സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. കൂടാതെ, 2025-26 അധ്യയന വർഷം സേവനത്തിൽ തുടരുന്ന അധ്യാപകർക്കായി നിലവിലുള്ള കെ-ടെറ്റ് പരീക്ഷയ്ക്ക് പുറമേ സ്പെഷ്യൽ കെ-ടെറ്റ് പരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് 1385/2025 & അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം - ജില്ലാതല സമിതികൾ മുഖേന ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ നിയമനങ്ങൾക്കും സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നേരിട്ടുള്ള നിയമനങ്ങൾക്കും കെ-ടെറ്റ് യോഗ്യത ബാധകമാക്കുന്നത് സംബന്ധിച്ച് - മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.5/2026/GEDN തീയതി, തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. ബഹു. സുപ്രീംകോടതി എസ്.എൽ.പി. (സി) നം. 9566/2023 &അനുബന്ധ ഹർജികളിൽ 30.10.2023,27.01.2025 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ.
2. 24/03/2025 ലെ സ.ഉ.(കൈ) നം. 45/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.
3. കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട 1385/2025 & അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. 16.12.2025 തീയതിയിലെ ജെ.ആർ 1/262/2024/പൊ.വി.വ. സർക്കാർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18-12-2025 തീയതിയിലെ ഡി.ജി.ഇ/13618/2025-H2-Part(1) നമ്പർ കത്ത്.
6. 01/01/2026 ലെ സ.ഉ.(കൈ) നം. 1/2026/പൊ.വി.വ. സർക്കാർ ഉത്തരവ്.
7. 03/01/2026 ലെ സ.ഉ.(കൈ) നം. 2/2026/പൊ.വി.വ. സർക്കാർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച് പരാമർശം (1) ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും സർക്കാർ രൂപീക രിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സമന്വയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മൊഡ്യൂളുകൾ തയ്യാറാക്കുകയും യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ പട്ടിക ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകി തുടർനപടികൾ സ്വീകരിക്കുകയും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധനാ നടപടികൾ സെക്കൻഡറി തലം വരെ ഇതിനകം തന്നെ പൂർത്തിയാക്കുകയും ചെയ്തു.

2. എന്നാൽ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ പരാമർശം (3) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമായതോടെ, ഭിന്നശേഷി നിയമന നടപടികൾ പൂർത്തിയാക്കുന്നതിന് കെ-ടെറ്റ് യോഗ്യത ബാധകമാക്കുന്നതു സംബന്ധിച്ച്, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ വ്യക്തത വരുത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. ഭിന്ന ശേഷി ഉദ്യോഗാർഥികളുടെ നിയമന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ബഹു സുപ്രീം കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും അപ്രകാരം നിയമനം സംബന്ധിച്ച ഒരു നടപടി റിപ്പോർട്ട് ബഹു. സുപ്രീംകോടതിയിൽ ഹാജരാക്കേണ്ടതായിട്ടുള്ളതിനാലും ജില്ലാതല സമിതികൾ മുഖേനയുള്ള നിയമന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിട്ടുള്ള മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവാകുന്നു.

a) കെ ടെറ്റ് കാറ്റഗറി I, II എന്നിവയിൽ ഏതെങ്കിലും ഒന്ന് വിജയിച്ചവരെ എൽ.പി., യു.പി. അധ്യാപക നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

b) കെ.ടെറ്റ് കാറ്റഗറി-III യോഗ്യത നേടിയവരെ ഹൈസ്കൂൾ അധ്യാപക നിയമനങ്ങൾക്ക് പരിഗണിച്ചാൽ മതിയാകും.

c) പ്രൈമറി വിഭാഗത്തിലെ ഭാഷാദ്ധ്യാപക നിയമനത്തിനും സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനത്തിനും കെ-ടെറ്റ് കാറ്റഗറി IV യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ പരിഗണിച്ചാൽ മതിയാകും.

d) ഹൈസ്കൂൾ തലത്തിലുള്ള ഭാഷാധ്യാപകർ കെ-ടെറ്റ് കാറ്റഗറി-III നേടിയ പക്ഷം കെ.ടെറ്റ്-IV നേടേണ്ടതില്ല എന്ന നിലവിലെ വ്യവസ്ഥ തുടരാവുന്നതാണ്.

e) CTET Primary Stage യോഗ്യത നേടിയവരെ കെ-ടെറ്റ് കാറ്റഗറി-I-ൽ നിന്നും, CTET Elementary Stage യോഗ്യത നേടിയവരെ കെ-ടെറ്റ് കാറ്റഗറി-II-ൽ നിന്നും ഒഴിവാക്കാമെന്ന നിലവിലുള്ള നിർദ്ദേശം തുടരാവുന്നതാണ്.

3. മേൽ നിർദേശങ്ങൾ പരാമർശം (3) ലെ വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്തിരിക്കുന്ന റിവ്യൂ ഹർജിയിലെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. ഈ നിർദേശങ്ങൾ ജില്ലാതല സമിതികൾ മുഖേനയുള്ള ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ അധ്യാപകനിയമനങ്ങൾക്കും നേരിട്ടുള്ള അധ്യാപകനിയമനങ്ങൾക്കും ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMAR C S
JOINT SECRETARY

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മിഷൻ, തിരുവനന്തപുരം (ആമുഖക് കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം ( ഹയർ സെക്കൻഡറി വിഭാഗം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം).

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന).

ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്